# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **31-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 3957**

**ലൈഫ് സയൻസ് പാർക്കിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ലൈഫ് സയൻസ് പാർക്കിന് ഇനി ഏറ്റെടുക്കേണ്ടത് എത്ര ഏക്കർ ഭൂമി യാണെന്നും, ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ കോടതി സ്റ്റേ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് വെയ്‌ലൂർ വില്ലേജിൽ തോന്നയ്ക്കലിൽ 95.0613 ഹെക്ടർ (234.89 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിനായി പ്രഖ്യാപിച്ചിരുന്നു. അഴൂർ ശാസ്തവട്ടം റോഡിന് വടക്കു ഭാഗത്ത് 75 ഏക്കർ ഭൂമി ഒന്നാംഘട്ടമായും റോഡിന് തെക്കുഭാഗത്ത് 159.89 ഏക്കർ രണ്ടാംഘട്ടമായും ഏറ്റെടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഒന്നാം ഘട്ടത്തിലെ 75 ഏക്കർ പ്രഖ്യാപിത ഭൂമിയിൽപ്പെട്ട 51.28 ഏക്കറിന് അവാർഡ് പാസ്സാക്കിയെങ്കിലും രണ്ട് റിട്ട് ഹർജ്ജികളിൻമേലുള്ള സ്റ്റേ ഉത്തരവുമൂലം 10.46 ഏക്കർ ഏറ്റെടുക്കാനായിട്ടില്ല. മറ്റൊരു 70 സെന്റ് ഏറ്റെടുക്കുന്നതിന് ആറ്റിങ്ങൽ മുൻസിഫ് കോടതിയും വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 23.80 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ മൂന്ന് റിട്ട് ഹർജ്ജികളിലായി സ്റ്റേ ഉത്തരവ് നിലവിലുണ്ട്. കാലതാമസം കൂടാതെ ഇതിൻമേൽ വാദം നടത്തി തീരുമാനമെടുക്കുന്നതിന് ഉതകുന്ന നടപടികൾ കെ.എസ്.ഐ.ഡി.സി. എടുത്തു വരുന്നു. |
| (ബി) ഭൂമി നൽകാൻ തയ്യാറുള്ളവരുടെ ഭൂമി ഏറ്റെടുക്കേണ്ടതിന് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) പ്രഖ്യാപനത്തിൽപ്പെട്ടതിൽ രണ്ടാംഘട്ടമായി കണക്കാക്കിയിട്ടുള്ള 159.82 ഏക്കർ ഭൂമിയും 127.20 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിനെതിരെ ഏഴ് റിട്ട് ഹർജ്ജികളിലായി സ്റ്റേ ഉത്തരവ് നിലവിലുണ്ട്. ഇതിൽ ഭൂരിഭാഗം |

സ്ഥലത്തും കളിമൺ ഖനനം നടക്കുന്നതിൽ നിർദ്ദിഷ്ട പദ്ധതിക്ക് പ്രയോജനകരമല്ലാതായിമാറിയിട്ടുണ്ട്. സ്വമേധയാ ഭൂമി വിട്ടു നൽകുവാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളത് സർവ്വേ 217, 218, 219 എന്നിവയിൽപ്പെട്ട കുറഞ്ഞ അളവിലുള്ള ഭൂമിയുടെ കൈവശക്കാരാണ്. ഈ ഭാഗത്തിന് ഒന്നാം ഘട്ടത്തിൽ പ്പെടുന്ന ഏറ്റെടുത്ത ഭൂമിയുമായി സാമീപ്യമില്ലാത്തതിനാൽ പദ്ധതിയ്ക്ക് പ്രയോജനകരമാകുന്നില്ല. ഈ സാഹചര്യത്തിൽ രണ്ടാംഘട്ട സ്ഥലമെടുപ്പ് തൽക്കാലത്തേക്ക് മാറ്റിവച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ